**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി ഗവ: മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി 3 കോടി രൂപ അനുവദിച്ച കൊയിലാണ്ടി ഗവ: മാപ്പിള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി ഡി.പി.ആർ തയ്യാറാക്കുന്ന ചുമതല ഇൻകൽ എന്ന സ്ഥാപനത്തിൽ നിന്നും മാറ്റി കില എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതിനാൽ ഇൻകൽ എന്ന സ്ഥാപനത്തിൽ നിന്നും അതുവരെ തയ്യാറാക്കിയ ഡി.പി.ആർ കിലയ്ക്ക് കൈമാറിക്കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഇൻകൽ തയ്യാറാക്കിയ DPR കിലയിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഡി.പി.ആർ രേഖകൾ ഇൻകലിൽ നിന്നും ലഭിക്കാൻ കില നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | DPR രേഖകൾ ഇൻകലിൽ നിന്നും ലഭിക്കാൻ കില കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. |
| (സി) | കിലയുടെ മേൽനോട്ടത്തിൽ സ്കൂളിന്റെ പ്ലാൻ, എസ്റ്റിമേറ്റുകൾ തുടങ്ങിയവ എത്ര സമയത്തിനുള്ളിൽ പൂർത്തീകരിച്ച് അംഗീകാരത്തിന് സമർപ്പിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (സി) | കില DPR തയ്യാറാക്കി വരുന്നു. Feasibility report ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് തുടർ പ്രവൃത്തികൾ നടത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ